**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരിക്കടത്ത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാഷ്ട്രീയ പാർട്ടിയിലെ നേതാക്കൾ ഭരണസ്വാധീനം ഉപയോഗപ്പെടുത്തി ലഹരി കടത്തിനടക്കം കൂട്ട് നിൽക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കരുനാഗപ്പള്ളിയിൽ അടക്കം രാഷ്ട്രീയ പാർട്ടിയിലെ നേതാക്കൾ ലഹരിക്കടത്ത് നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നിരോധിത പുകയില ഉൽപന്നങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 40/2023 u/s 77 of JJ Act, Sec.118(i) of KP Act & Sec.6 r/w 24 of COTPA Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരിക്കടത്തുമായി ബന്ധപ്പെട്ട ചില കേസുകളിൽ രാഷ്ട്രീയ പാർട്ടി അനുഭാവികളായ ചിലർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി പോലീസ് നിരീക്ഷണവും, പട്രോളിങ്ങും ശക്തമാക്കിയിട്ടുള്ളതും, കൃത്യമായ ഇടവേളകളിൽ പരിശോധനകളും, സ്പെഷ്യൽ ഡ്രൈവുകളും നടത്തി വരുകയും ചെയ്യുന്നു. ലഹരി കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മയക്ക് മരുന്ന് കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ NDPS Act -ലെ 31, 34 വകുപ്പുകൾ പ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ സ്ഥിരം NDPS കേസുകളിൽ ഉൾപ്പെടുന്നവർ ക്കെതിരെ Rowdy History Sheet തുറക്കുകയും, 107 CrPC, PITNDPS Act, KAA(P) ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു, Commercial |

| | | | |
|---|---|---|---|
| | | | Quantity കേസുകളിൽ ഉൾപ്പെടുന്നവരുടെ സ്വത്ത് കണ്ട് കെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഇതിനു പുറമെ സ്കൂൾ, കോളേജ്, ജനവാസ മേഖല എന്നിവടങ്ങളിൽ ജനമൈത്രീ സുരക്ഷാ പദ്ധതി, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേന ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ